(ബി) ഈ പാലങ്ങളുടെ നിർമ്മാണം ഇപ്പോഴം ആരംഭിക്കാൻ നിർവ്വാഹമില്ല.

പോലീസ് കാൺസ്റ്റബിൻമാരുടെ ടി. എ.

* 228. [18] ശ്രീ. എൻ. ഗോപാലക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കാൺസ്റ്റബിൻമാരുടെ ടി. എ. ഒരു മാസത്തിൽ എത്രവരെ എന്നു പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ടി. എ. യിൽ നിന്നു ബസ്സ് വാറണ്ടിന്റെ തുക ഈടാക്കിവരുന്നുണ്ടോ ;

(സി) ടി. എ.-യെക്കാൾ കൂടുതൽ ബസ്സ് വാറണ്ടിന്റെ തുക വരുമ്പോൾ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) താഴെ പറയുന്ന വിധത്തിൽ പരിധി നിശ്ചയിച്ചിട്ടുണ്ട്.

1. ലോക്കൽ പോലീസ്, ആംഡ് റിസർവ്, ആംഡ് പോലീസ് എന്നിവയിലെ പോലീസ് കാൺസ്റ്റബിൻമാർക്ക് മാസത്തിൽ 25 രൂപ വരെ.
2. സ്റ്റേറ്റ് കോട്ടകം സഞ്ചരിക്കേണ്ടിവരുന്ന സ്പെഷ്യൽബ്രാഞ്ച്, ക്രൈം ബ്രാഞ്ച് എന്നിവയിലെ പോലീസ് കാൺസ്റ്റബിൻമാർക്ക് മാസത്തിൽ 60 രൂപ വരെ.
3. റയിൽവേ പോലീസിലെ കാൺസ്റ്റബിൻമാർക്ക് മാസത്തിൽ 30 രൂപ വരെ.

(ബി) ഉണ്ട്.

(സി) മൈലേജ് അലവൻസ് ബസ്സ് ചാർജിനേക്കാൾ കൂടുതലായതുകൊണ്ട് ബസ്സ് വാറണ്ട് ചാർജ് ടി. എ.-യെക്കാൾ കൂടുതലാവുകയില്ല. അഥവാ അങ്ങിനെ കൂടുതൽ വരുന്നപക്ഷം ടി. എ. യുടെ പരിധി വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ്.

ശ്രദ്ധജലവിതരണം

* 229. [20] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രദ്ധജലവിതരണത്തിനായി ശാസ്താംകോട്ടയിൽനിന്നും കൊല്ലം ടൗൺവരെ എത്ര പൈപ്പുകൾ ഉപയോഗിക്കാൻ എടുത്തിട്ടുണ്ട് ;

(ബി) പ്രസ്തുത ലൈനിൽ അങ്ങിങ്ങായി റോഡിൽകിടക്കുന്ന പൈപ്പുകളുടെ എണ്ണം എത്രയാണെന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണ് ;

(സി) ഈ പൈപ്പുകൾ റോഡരുകിൽ ഇട്ടിരിക്കുന്നതിന്റെ ഉദ്ദേശമെന്ത് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 5 മീറ്റർവീതം നീളമുള്ള 5,161 പ്രിമോപൈപ്പുകൾ ഉപയോഗിച്ചിട്ടുണ്ട്.

(ബി) ഉണ്ട്; 235 മുഴ പൈപ്പുകളും 60 തുണ്ടുകളും.

LIBRARY ARCHIVES Kerala Legislative Assembly

(സി) നീണ്ടകേരപ്പാലം പുതുക്കിപ്പണിയുമ്പോൾ അതിനു മുകളിൽക്കൂടി പൈപ്പുലൈൻ ഇടുന്നതിനും കേടുപാടുകൾവരുന്ന പൈപ്പുകൾ നീക്കം ചെയ്യുന്ന സ്ഥലത്തു് പുതിയ പൈപ്പുകൾ ഇടുന്നതിനും ഉദ്ദേശിച്ചാണു് അവ റോഡരുകിൽ ഇട്ടിരിക്കുന്നതു്.

പാലംപണി.

* 230. [21] ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964-65 സാമ്പത്തികവർഷത്തിൽ പുതുതായി ഏതു പാലം പണിയുന്നതിനു് ഉദ്ദേശമുണ്ടു് ;

(ബി) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലുള്ളതും, ഗതാഗതയോഗ്യമല്ലാത്തതുമായ ചന്തത്തോട് പാലം നന്നാക്കുന്നതിനു് നടപടി നടത്താത്തതു് എന്തുകൊണ്ടാണു് ; ടി റോഡിലുള്ള ഏതെങ്കിലും പാലംപണി ആരംഭിക്കുവാൻ നടപടി നടത്തുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) തീരുമാനമായിട്ടില്ല.

(ബി) ഈ റോഡിലുള്ളതും ഗതാഗതയോഗ്യമല്ലാത്തതുമായ ചന്തത്തോട്പാലം നന്നാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഈ റോഡിലുള്ള മറ്റു മൂന്നു പാലങ്ങൾ പണിയുന്നതിനു് തയ്യാറാക്കിയിരുന്ന ഡിസൈനുകൾ ആ പ്രദേശത്തേക്കു് പറ്റിയതല്ലെന്നു കണ്ടതുകൊണ്ടു് അവ പുതുക്കുന്നതിനും അതനുസരിച്ചുള്ള എസ്റ്റിമേറ്റു തയ്യാറാക്കുന്നതിനും വേണ്ട നടപടികൾ എടുത്തുവരുന്നു.

ആലപ്പുഴ ജില്ലയിലെ പാക്കേജ് സ്കീം

* 231. [22] ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) (1) ആലപ്പുഴ ജില്ലയിൽ പാക്കേജ് സ്കീമിൽ എത്ര ഏക്കർ നെൽപ്പാടങ്ങൾ ഉൾക്കൊള്ളിച്ചു് ആനുകൂല്യങ്ങൾ നൽകുന്നുണ്ടു് ;

(2) ഏതെല്ലാം വില്ലേജുകളിലാണു് ഈ പാടങ്ങൾ സ്ഥിതി ചെയ്യുന്നതു് ; എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു ;

(ബി) പാക്കേജു് സ്കീം നടപ്പാക്കുന്നതിനു് മുൻപു് ഈ പാടങ്ങളിൽ ഏക്കറിനു് ശരാശരി എത്ര വിളവു കിട്ടിയിരുന്നു ; ഇപ്പോഴത്തെ വിളവെത്ര ;

(സി) പാക്കേജു് സ്കീമിന്റെ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നതിനു് കൃഷിക്കാർ വിമുഖരാണോ ; ആണെങ്കിൽ അതിനുള്ള പരിഹാരമാർഗ്ഗം എന്താണു് ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) (1)

വിരിപ്പു്	17,071	58 ഏക്കർ
മുണ്ടകൻ	15,807	70 ,,
പുഞ്ച	60,703	45 ,,

(2) വിവരങ്ങൾ അടങ്ങിയ † ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) (1)

വിരിപ്പു്	ഏക്കറൊന്നിനു്	735	കിലോഗ്രാം
മുണ്ടകൻ	,,	888	,,
പുഞ്ച	,,	1,070	,,

(2)

വിരിപ്പു്	ഏക്കറൊന്നിനു്	988	കിലോഗ്രാം
മുണ്ടകൻ	,,	1106	,,
പുഞ്ച	,,	1247	,,

† Appendix XI.

LIBRARY ARCHIVES Kerala Legislative Assembly